ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്. ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എഡി.ബി2/15277/എച്ച്.എസ്.ഇ/16** **തീയതി : 18/07/2017**

## <u>സർക്കുലർ</u>

വിഷയം: ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - യോഗ്യരായ ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ എച്ച്.എസ്.എ./യു.പി.എസ്.എ./എൽ.പി.എസ്.എ. തസ്തികമാറ്റ നിയമനം - താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് (2011-2015) പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

സൂചന : ഈ ഓഫീസിലെ 04/03/2017 - ലെ ഇതേ നമ്പർ സർക്കുലർ.

സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകർ/ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകർ (ജൂനിയർ) എന്നീ തസ്തിക കളിലേക്ക് തസ്തികമാറ്റ നിയമനം ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുള്ള എച്ച്.എസ്.എ./യു.പി.എസ്.എ./എൽ.പി.എസ്.എ ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഹിസ്റ്ററി വിഷയത്തിന്റെ ലിസ്റ്റ് കോടതി ഉത്തരവിനു വിധേയമായി പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത ലിസ്റ്റ് www.dhsekerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ലിസ്റ്റ് സംബന്ധ മായി പരാതി/ആക്ഷേപമുള്ളവർ അതാത് HM/AEO/DEO/DD (Edn) എന്നീ ബന്ധപ്പെട്ട ഏതെങ്കിലും മേലധികാരി സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം 31/07/2017 വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാകത്തക്ക വിധത്തിൽ തപാലിൽ ഡയറക്ടർ, ഹയർസെക്കന്ററി ഡയറക്ടറേറ്റ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം -1 എന്ന അഡ്രസിൽ അയച്ചുതരേണ്ടതാണ്. അപേക്ഷകൾ അയക്കുന്ന കവറിന് മുകളിൽ "ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് - പരാതി" എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. പ്രസ്തുത തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**ഡയറക്ടർക്കുവേണ്ടി**

La